# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6618

**2016 നവംബർ 9-ാം** തീയതി മറുപടി നൽകേണ്ടത്

## മങ്കട മണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം<br>ശ്രീ. ടി.എ. അഹമ്മദ് കബീർ | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| **(എ)** ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ മങ്കട മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ; | ഈ സർക്കാർ അധികാരമേറ്റ ശേഷം നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ മങ്കട മണ്ഡലത്തിൽ ഒരടം പാലം - വൈലോങ്ങര ബൈപ്പാസ് റോഡിനായി 10 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട് (പുതുക്കിയ ബഡ്ജറ്റ് പ്രസംഗം 2016-17, ഖണ്ഡിക 135 ഇനം 9). വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, വ്യവസായം തുടങ്ങിയ മേഖലകളിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കിഫ്ബി മുഖാന്തിരമുള്ള പദ്ധതികളുടെ അന്തിമ രൂപമാകുന്ന മുറയ്ക്ക് മാത്രമേ എത്ര രൂപയുടെ പദ്ധതികൾ മണ്ഡലത്തിൽ ഉണ്ടാകും എന്നത് നിർണ്ണയിക്കാനാകൂ. |
| **(ബി)** പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ ആവശ്യമായ പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയോയെന്ന് വിശദീകരിക്കാമോ; | മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയാണ് മേൽ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |
| **(സി)** ടോക്കൺ പ്രൊവിഷൻ ഉള്ള പ്രവൃത്തികൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ? | പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതിയുള്ള പ്രവൃത്തികൾക്ക് പ്രവർത്തന പുരോഗതി-ക്കനുസൃതമായി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിച്ചു വരുന്നു. |

Maya...

**അക്കൗണ്ട്സ് ഓഫീസർ**